"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 24-11-2022

**സർക്കുലർ നം 13**

ജയിലാസ്ഥാനകാര്യാലയത്തിലെ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ ജയിൽ വകുപ്പിലെ ജീവനക്കാരുടെ സാഹിത്യസൃഷ്ടികൾ ഉൾപ്പെടുത്തികൊണ്ട് ഒരു വാർഷിക പതിപ്പ് പുറത്തിറക്കാൻ ഉദ്ദേശിക്കുന്നു. ടി വാർഷികപ്പതിപ്പിന്റെ പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് ജയിലാസ്ഥാനകാര്യാലയം ഡി ഐ ജി എം കെ വിനോദ് കുമാർ രക്ഷാധികാരിയായി ഒരു എഡിറ്റോറിയൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. 08.11.2022 തീയതി ബഹു. ജയിലാസ്ഥാനകാര്യാലയം ഡി ഐ ജിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 2022 ഡിസംബർ 31 ന് മുൻപായി ജയിൽ ജീവനക്കാരുടെ സാഹിത്യസൃഷ്ടികൾ ഫിസിക്കലായി ലഭിക്കണമെന്നും, ജയിൽ ജീവനക്കാരുടെ സാഹിത്യസൃഷ്ടികൾ ലഭിച്ചതിനു ശേഷം എഡിറ്റോറിയൽ ബോർഡ് കൂടി അവ പരിശോധിക്കുകയും പ്രസ്തുത വാർഷിക പതിപ്പിന്റെ അച്ചടിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുന്നതിനായി കമ്മിറ്റി അംഗം ശ്രീ. സനോജിനെ ചുമതലപ്പെടുത്തി കൊണ്ടും തീരുമാനമായിരിക്കുന്നു.

ആയതിനാൽ ജയിൽ വകുപ്പിലെ ജീവനക്കാരുടെ സാഹിത്യസൃഷ്ടികൾ ഫിസിക്കലായി 2022 ഡിസംബർ 31 നകം ജയിലാസ്ഥാനകാര്യാലയം എഡിറ്റോറിയൽ കമ്മിറ്റി മുൻപാകെ എത്തിക്കുവാൻ നിർദ്ദേശിക്കുന്നു.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: 1. ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും.
2. ഡി.ഐ.ജി ഓഫ് പ്രിസൺസ്
ഉത്തര മേഖല/മദ്ധ്യ മേഖല/ദക്ഷിണ മേഖല.
3. എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും.

G1-26460/2022/PrHQ

090008